**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1424** **19-09-2025 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി ചൂട്ടാട്ട് ബീച്ചിലെ സാഹസിക പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട്ട് ബീച്ചിൽ സാഹസിക പാർക്ക് നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായി പ്രവൃത്തികൾ പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഡയറക്ടർ തലത്തിൽ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ 35% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ പൂർത്തീകരിച്ച പ്രവർത്തികളുടെ സമർപ്പിച്ച ബില്ലിൽ വന്നിട്ടുള്ള പോരായ്മകൾ പരിഹരിച്ച് നൽകുന്നതിനായി WAPCOS ന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട് . ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവൃത്തികൾ പുനരാരംഭിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ